**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5883** **16-03-2023 - ൽ മറുപടിയ്ക്ക്**

**തെരുവ് നായ്ക്കളുടെ പേവിഷബാധ നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തെരുവ് നായ്ക്കളിലെ പേവിഷബാധ നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | തെരുവ് നായ്ക്കളിലെ പേവിഷബാധ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം. ഈ പദ്ധതി നടപ്പിലാക്കിയ പ്രധാന നഗരങ്ങളിലൊക്കെയും വിജയകരമായതിനാൽ ഭാരത സർക്കാർ ഇന്ത്യയിലെ എല്ലാ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / ഗ്രാമപഞ്ചായത്ത് തലങ്ങളിലും മൃഗസംരക്ഷണ സംഘടനകളോടൊപ്പം ചേർന്നുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണവകുപ്പ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കി 23.08.2022 ൽ സ.ഉ (സാധാ) 2065/2022/തസ്വഭവ നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും 15.09.2022 ലെ സ.ഉ (സാധാ) നം. 2244/2022/തസ്വഭവ, 29.09.2022 ലെ സ.ഉ (സാധാ) നം. 2376/2022/തസ്വഭവ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ തന്നെ ഈ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.<br><br>**<u>സംസ്ഥാനത്ത് നഗരസഭകൾ സംഘടിപ്പിച്ച വാക്സിനേഷൻ ക്യാമ്പുകളുടെ എണ്ണം</u>, വാക്സിൻ സ്വീകരിച്ച നായ്ക്കളുടെ എണ്ണം, <u>വന്ധ്യംകരണം</u>** |

**<u>നടത്തിയ നായ്ക്കളുടെ എണ്ണം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>**

1. ആകെ നഗരസഭകൾ - 93

2. 01/09/2022 മുതൽ 31/01/2023 വരെ വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 5030

3. 01/09/2022 മുതൽ 31/01/2023 വരെ വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം - 17067

4. 01/09/2022 മുതൽ 31/01/2023 വരെ വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 53970

5. 01/09/2022 മുതൽ 31/01/2023 വരെ വളർത്തു നായ്ക്കൾക്ക് രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 35124

6. 01/09/2022 മുതൽ 31/01/2023 വരെ കണ്ടെത്തിയ അഭയകേന്ദ്രങ്ങളുടെ എണ്ണം

- 3 (പാല, മഞ്ചേരി, ആലപ്പുഴ നഗരസഭകൾ)

7. ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി 01/09/2022 മുതൽ 31/01/2023 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം -1090

8. 01/09/2022 മുതൽ 31/01/2023 വരെ പൊതുനിരത്തിലെ മാലിന്യ നിക്ഷേപത്തിന് ഈടാക്കിയ പിഴതുക - Rs. 52,68,536/-

9. 01/09/2022 മുതൽ 31/01/2023 വരെ സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പയിനുകളുടെ എണ്ണം -1003

10. 01/09/2022 മുതൽ 31/01/2023 വരെ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ ഇ സി/ ബോധവത്ക്കരണ ക്യാമ്പുകളുടെ എണ്ണം - 663

5 കോർപ്പറേഷനുകളിൽ സ്വന്തമായി എ ബി സി സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു.

2016 മുതൽ 31/08/2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

**<u>പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്തുകൾ കൈക്കൊണ്ടിട്ടുള്ള പ്രതിരോധ നടപടികൾ</u>**

| | | | |
|---|---|---|---|
| | | | <u>**സംബന്ധിച്ച വിവരങ്ങൾ താഴെ കാണുന്നു.**</u><br><br>247267 നായകൾക്ക് വാക്സിനേഷൻ നൽകി<br><br>ആരോഗ്യം, മൃഗ സംരക്ഷണം എന്നീ വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ 637 ഹോട്ട്സ്പോട്ടുകൾ (തെരുവുനായ ശല്യം രൂക്ഷമായ പ്രദേശങ്ങൾ) തിരിച്ചറിയപ്പെട്ടിട്ടുണ്ട്.<br><br>സർക്കാരിന്റെ 15/09/2022 തീയതിയിലെ സ.ഉ. (സാധാ) 2244/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനതല ജനകീയകമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്.<br><br>01.09.2022 മുതൽ 15.03.2023 വരെ 20,289 തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ് എടുത്തിട്ടുണ്ട്. |
| (ബി) | പേവിഷബാധ പ്രതിരോധ കുത്തിവെയ്പ് പരിപാടിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ? | (ബി) | വളർത്തുനായ്ക്കളിലെ പേവിഷ പ്രതിരോധ കുത്തിവയ്പ്, വാക്സിൻ ക്യാമ്പുകളിലും മൃഗസംരക്ഷണ വകുപ്പിന്റെ ക്ലിനിക്കൽ സ്ഥാപനങ്ങളിലും നടത്തുന്നു. തെരുവുനായ്ക്കളിൽ പേവിഷബാധ നിർമ്മാർജ്ജനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. തെരുവുനായ്ക്കളിൽ പേവിഷ പ്രതിരോധ വാക്സിൻ എടുക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് Standard Operating Procedure തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ചാണ് തെരുവുനായ്ക്കളിൽ വാക്സിനേഷൻ നടത്തി വരുന്നത്. വാക്സിനേഷൻ സ്ക്വാഡുകൾ രൂപീകരിച്ചാണ് തെരുവുനായ്ക്കളിൽ വാക്സിനേഷൻ നടത്തുന്നത്. വാക്സിനേഷൻ സ്ക്വാഡുകൾ ആരോഗ്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള പേവിഷ പ്രതിരോധ വാക്സിൻ എടുത്തതിനുശേഷമാണ് പ്രവർത്തിക്കുന്നത്. പേവിഷ പ്രതിരോധ വാക്സിൻ സൗജന്യമായി മൃഗസംരക്ഷണ വകുപ്പ് വിതരണം ചെയ്യുന്നു. വാക്സിനേറ്റർ, ഡോഗ് ക്യാച്ചർ, ഡോക്യുമെന്റർ, ഡ്രൈവർ എന്നിവർ വാക്സിനേഷൻ സ്ക്വാഡിൽ പ്രവർത്തിക്കുന്നു. പേവിഷ നിയന്ത്രണവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ മുഖാന്തിരം 426 ഡോഗ് ക്യാച്ചർമാർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.<br><br>01.09.2022 മുതൽ 15.03.2023 വരെ 20,289 തെരുവുനായ്ക്കൾക്കും 3,90,333 വളർത്തുനായ്ക്കൾക്കും പേവിഷ പ്രതിരോധ കുത്തിവയ്പ് നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പേവിഷ നിയന്ത്രണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെയിടയിൽ മൃഗസംരക്ഷണ വകുപ്പ് ബോധവത്കരണം നടത്തിവരുന്നു. നിർബന്ധിത പേവിഷ പ്രതിരോധകുത്തിവയ്പ് വളർത്തുമൃഗങ്ങൾക്ക് നൽകുക, മൃഗങ്ങളെ ഉപദ്രവിക്കാതിരിക്കുക, തെരുവുനായ്ക്കൾക്ക് ഭക്ഷണം നൽകുക, മൃഗങ്ങൾക്ക് കടിയേറ്റാൽ മൃഗാശുപത്രിയിൽ റിപ്പോർട്ട് ചെയ്യുകയും post exposure vaccine നൽകുകയും ചെയ്യുക, മൃഗങ്ങൾക്ക് പേവിഷബാധയുടെ ലക്ഷണം കണ്ടാൽ മൃഗാശുപത്രിയിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും റിപ്പോർട്ട് ചെയ്യുക തുടങ്ങിയ വിഷയങ്ങൾ ബോധവത്കരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത്തരത്തിലുള്ള ബോധവത്ക്കരണം കാരണം പേവിഷബാധ നിർമ്മാർജ്ജനം പൊതുജനങ്ങൾ ഗൗരവമായി കണ്ടുതുടങ്ങുകയും ആയതിന്റെ ഫലമായി വകുപ്പിൽ റിപ്പോർട്ട് ചെയ്യുന്ന കേസുകളുടെ എണ്ണം വർദ്ധിച്ചു വരുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ